(ബി) ഈ സർക്കാരിന്റെ ബഹുദൂരം അതിവേഗം പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളാങ്ങല്ലൂർ പി.എച്ച്.സി.യെ ആശുപത്രിയായി ഉയർത്താൻ ഉത്തരവ് പുറപ്പെടുവിക്കുമോ ;

(സി) എങ്കിൽ എന്നേക്ക് ഈ ആശുപത്രി പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ, ബി & സി) വെള്ളാങ്ങല്ലൂർ പി.എച്ച്.സി.യിൽ കിടത്തി ചികിത്സ അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

മാള നിയോജകമണ്ഡലത്തിലെ പുത്തൻചിറ ആയുർവേദ ഡിസ്പെൻസറി

158. [926] ശ്രീ. ടി.യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ പുത്തൻചിറ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ 'ബഹുദൂരം അതിവേഗം' പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം പൂർത്തീകരിച്ച ഈ ഡിസ്പെൻസറിയെ ആശുപത്രിയായി ഉയർത്തി ഈ വർഷംതന്നെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ;

(സി) ഇതിന് തടസ്സങ്ങളുണ്ടെങ്കിൽ ആയത് അടിയന്തിരമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി & സി) പുത്തൻചിറ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്നതിനുള്ള ഒരു നിർദ്ദേശം ആയുർവേദ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചു വരികയാണ്.

മലപ്പുറം ജില്ലയിലെ വനിതാ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

159. [928] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (927)ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

(എ) മലപ്പുറം ജില്ലയിൽ വനിതാ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ഒഴിവുകളിൽ നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ വനിതാ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 34 ഒഴിവുകളുണ്ട്.

(ബി) ട്രാൻസ്ഫർ മുഖേനയും പ്രമോഷൻ മുഖേനയും ഈ ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ ഒഴിവുകൾ ഉടൻ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഡോക്ടർമാരുടെ അഭാവം കാരണം രോഗികൾക്കുണ്ടാകുന്ന വിഷമങ്ങൾ

160. [929] ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ അമ്പലപ്പാറ സി.എം.സി. ചളവറ പി.എച്ച്.സി., ലക്കിഡി പി.എച്ച്.സി എന്നിവിടങ്ങളിലെ ഡോക്ടർമാരുടെ അഭാവം കാരണം പാവപ്പെട്ട രോഗികൾക്കുണ്ടാകുന്ന വിഷമങ്ങൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മേൽപ്പറഞ്ഞ മൂന്ന് സർക്കാർ ആശുപത്രികളിലേയും ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) ഉണ്ട്. അമ്പലപ്പാറ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള 2 ഒഴിവുകൾ നികത്തുന്നതിലേക്കായി 24-6-2005 ൽ പി.എസ്.സി. മുഖേന രണ്ട് ഡോക്ടർമാരെ നിയമിച്ചു. ചളവറ, ലക്കിഡി എന്നീ പി.എച്ച്.സി.കളിലെ ഡോക്ടർമാരുടെ ഓരോ ഒഴിവ് നികത്തുന്നതിലേക്കായി 2-7-2005-ൽ പി.എസ്.സി. മുഖേന ഡോക്ടർമാരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly